## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2112

17.02.2016-ലെ മറുപടിയ്ക്ക്

## സഹകരണ സർവ്വകലാശാല

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സാജു പോൾ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖല വൈവിധ്യവൽക്കരിയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | സഹകരണ മേഖലയിലെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിന് എന്തൊക്കെ അക്കാദമിക് കോഴ്സുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ; | (ബി) | സഹകരണ മേഖലയിലെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി സഹകരണ മേഖലയിൽ നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ (NCCT) കീഴിൽ തിരുവനന്തപുരത്തും കണ്ണൂരും പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റുകൾ ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (HDCM) കോഴ്സുകൾ നടത്തിവരുന്നു. ഇതിനു പുറമെ സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ 11 കേന്ദ്രങ്ങളിലായി ജെ.ഡി.സി കോഴ്സുകളും 14 സഹകരണ പരിശീലന കോളേജുകളിലായി ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ & ബിസിനസ്സ് മാനേജ്മെന്റ് (എച്ച്.ഡി.സി & ബി.എം) കോഴ്സുകളും നടത്തി വരുന്നു. കൂടാതെ കേരള കാർഷിക |

സർവ്വകലാശാല നടത്തുന്ന ബി.എസ്.സി (കോ-ഓപ്പറേഷൻ & ബാങ്കിംഗ്), എം.എസ്.സി (കോ-ഓപ്പറേഷൻ & ബാങ്കിംഗ്) എന്നീ കോഴ്സുകളും നടത്തി വരുന്നു. ഇതിനു പുറമെ കേരളത്തിലെ മറ്റു യൂണിവേഴ്സിറ്റികളിൽ സഹകരണ മേഖലയിൽ തൊഴിൽ സാദ്ധ്യത കൂടുതലുള്ള ബി.കോം വിത്ത് കോ-ഓപ്പറേഷൻ കോഴ്സുകളും നടത്തി വരുന്നു.

കൂടാതെ സഹകരണ മേഖലയിലെ ജീവനക്കാർക്ക് ടി മേഖലയിലെ മികച്ച പരിശീലനകേന്ദ്രങ്ങളായ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI). സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICMA), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് സ്റ്റാഫ് ട്രെയിനിംഗ് കോളേജ് കൊച്ചി, കണ്ണൂരിലും തിരുവനന്തപുരത്തും പ്രർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ICM) മുഖേനയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദ ബെസ്റ്റ് (KIMB) മുഖേനയും പരിശീലനം നടത്തി വരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) വിവിധതരം ഇൻഡക്ഷൻ, ഓറിയന്റേഷൻ പരിശീലന പരിപാടികളും നടത്തി വരുന്നു. മാത്രമല്ല വൈകുണ്ഡ് മേത്ത

| | |
|---|---|
| | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (VAMNICOM) പൂനെ, ബാങ്കിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് (BIRD) ലക്നൗ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയും വകുപ്പിലേയും സഹകരണ സംഘങ്ങളിലേയും ഉദ്യോഗസ്ഥർക്ക് വിവിധങ്ങളായ പരിശീലനങ്ങൾ നൽകിവരുന്നു. |
| (സി) സഹകരണ കോഴ്സുകളും പരിശീലന പരിപാടികളും ഗവേഷണങ്ങളും നടത്തുന്നതിന് സഹകരണ സർവ്വകലാശാലാ സ്ഥാപിക്കാൻ തയ്യാറാകുമോ ? | (സി) ഇക്കാര്യത്തിൽ വിശദമായ പഠനവും വിശകലനവും ആവശ്യമായതിനാൽ ടി വിഷയം പരിശോധിക്കുന്നതിന് സംസ്ഥാന സഹകരണ യൂണിയനെ ചുമതലപ്പെടുത്തുകയും ആയത് സഹകരണ യൂണിയൻ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതുമാണ്. |

സെക്ഷൻ ഓഫീസർ